പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3789 21.6.2018 ലെ മറുപടിക്ക്

**കയർ തൊഴിലാളികളുടെ കൂലി പരിഷ്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കേരളത്തിൽ കയർ തൊഴിലാളികളുടെ കൂലി പരിഷ്കരിയ്ക്കാൻ നടപടി സ്വീകരിയ്ക്കാമോ; വിശദാംശം വെളിപ്പെടുത്താമോ; | എ) കയർ തൊഴിലാളികൾക്ക് 300/- രൂപ മിനിമംകൂലി ഉറപ്പാക്കുന്നതിനാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ കൂലിയുടെ ഒരു ഭാഗം നൽകുന്നത്. 190/- രൂപാ കയർ സഹകരണ സംഘം / രജിസ്റ്റേർഡ് സ്വകാര്യ ഉൽപ്പാദകൻ എന്നിവർ നൽകുമ്പോൾ 110/- രൂപ സർക്കാർ നൽകും. പരമ്പരാഗത പിരി മേഖലയിൽ ഈ വിധ സംരക്ഷണം ഉറപ്പാക്കുകയും പുതുതായി ഫാക്ടറി അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഉൽപ്പാദനക്ഷമത ഗണ്യമായി ഉയർത്തി വർദ്ധിച്ച വേതനം ലഭ്യമാക്കുക എന്നതുമാണ് സർക്കാർ നയം. |
| ബി) യന്ത്രവത്കരണം വഴി ഉല്പാദനം വർദ്ധിയ്ക്കുമ്പോൾ ഉയർന്ന കൂലി നടപ്പാക്കുന്നതിന് തയ്യാറാകുമോ; വിശദവിവരം നൽകാമോ? | ബി) യന്ത്രവത്ക്കരണം വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുമ്പോൾ അതിന് ആനുപാതികമായി വരുമാനം വർദ്ധിക്കുന്ന സ്ഥിതി സംജാതമാകുന്നു. |

സെക്ഷൻ ഓഫീസർ